ഈ ലോകവും അതിൽ കാണുന്ന മുഴുവൻ വസ്തുക്കളും അല്ലാഹുവിൻേറതാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അതിൽ നിന്ന് നൽകുന്നു. അല്ലാഹുവിൻെറ അനുഗ്രഹമായ ധനം ആവശ്യത്തിലധികം ലഭിക്കുന്ന ധനികരും, സ്വന്തം ആവശ്യത്തിന് വരെ ലഭിക്കാതെ കഷ്ടപ്പെടുന്ന ദരിദ്രരും, സ്വന്തം ആവശ്യം നിർവ്വഹിക്കുവാൻ പര്യാപ്തമായ ധനം ലഭിച്ചവരും മനുഷ്യരുടെ കൂട്ടത്തിലുണ്ട്. സമ്പത്ത് ആത്യന്തികമായ അല്ലാഹുവിൻെറതാണ്. അതവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുപറയുന്നത് കാണുക:

“ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവൻെറ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.” (ശൂറാ:12)

അല്ലാഹു അവനുദ്ദേശിക്കുന്നവർക്കാണ് അവൻെറ ധനം നൽകുക. ചിലയാളുകൾക്കത് പിടിച്ച് വെക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ഉള്ളവർ ഇല്ലാത്തവരെ സഹായിക്കേണ്ടതുണ്ട്. കാരണം സാമൂഹ്യമായി ജീവിക്കുന്ന രൂപത്തിലാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. പരസ്പരം സഹായിച്ചും, സഹകരിച്ചും ജീവിക്കേണ്ടവരാണ് മനുഷ്യർ. ആർക്കും തന്നെ പരസഹായം കൂടാതെ ജീവിക്കുവാൻ സാധ്യമല്ല. നിങ്ങൾ അന്യോന്യം സഹായിക്കുകയും, തഖ്വയിലും, പുണ്യത്തിലും നിങ്ങൾ പരസ്പരം സഹായിക്കണമെന്നും അല്ലാഹു നമ്മെ ഉണർത്തുന്നു.

“പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്” (അൽമാഇദ:2)

പുണ്യത്തിലുള്ള പരസ്പര സഹായമാണ് ധനികർ പാവപ്പെട്ടയാളുകളെ തങ്ങളുടെ സമ്പത്തുകൾ കൊടുത്ത് സഹായിക്കുന്നതും, അതുപോലെ അവധിവെച്ച് കടം കൊടുക്കുകയും ചെയ്യുകയെന്നുള്ളത്. കടം കൊടുക്കുകയെന്നത് വളരെ പുണ്യമുള്ള കാര്യമാണ്. എന്നാൽ കടം വാങ്ങുകയും അത് തിരിച്ച് കൊടുക്കാതെ കടം കൊടുത്തയാളെ ബുദ്ധിമുട്ടിക്കുന്നയാളുകളും നമ്മുടെ കൂട്ടത്തിൽ കുറവല്ല. അങ്ങിനെ കടം തിരിച്ച് കൊടുക്കാതിരിക്കുകയെന്നത് വളരെ വലിയ പാതകമാണെന്നാണ് ഇസ്ലാമിക പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ അതിനെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ ഉണർത്തുവാൻ ആഗ്രഹിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

## കടം കൊടുക്കാം:

വിശുദ്ധ ഖുർആനിലെ ഏറ്റവും വലിയ ആയത്ത് കടവും അതിൻെറ വിധിവിലക്കുകളെ സംബന്ധിച്ചും പരാമർശിക്കുന്ന ആയത്താകുന്നു. അതിൽ നിന്ന് തന്നെ കടം എന്നത് വളരെ ഗൗരവമുള്ള കാര്യമാണെന്ന് നമുക്ക് കാണാനാവും. കടം കൊടുക്കുന്നതിന് ചില നിബന്ധനകളുണ്ട്. സൂറത്തുൽ ബഖറയിലെ 282-ാം ആയത്തിൽ നിന്ന് തന്നെ നമുക്ക് ആ നിബന്ധനകൾ മനസിലാക്കാനാവുന്നതാണ്.

1- കടം കൊടുക്കുന്നത് എഴുതിവെക്കണം:

(يَاأَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنتُمْ بِدَيْنٍ إِلَى أَجَلٍ مُسَمًّى فَاكْتُبُوهُ) “സത്യവിശ്വാസികളെ, ഒരു നിശ്ചിത അവധിവെച്ചു കൊണ്ട് നിങ്ങളന്യോന്യം വല്ല കടമിടപാടും നടത്തിയാൽ നിങ്ങൾ അത് എഴുതി വെക്കേണ്ടതാണ്”

2- മൂന്നാമതൊരാളാണ് എഴുതി വെക്കേണ്ടത്: (وَلْيَكْتُبْ بَيْنَكُمْ كَاتِبٌ بِالْعَدْلِ)

“ഒരെഴുത്തുകാരൻ നിങ്ങൾക്കിടയിൽ നീതിയോടെ അത്രേഖപ്പെടുത്തട്ടെ”

3- എഴുതാനറിയുന്നവർ എഴുതുവാൻ മടിക്കരുത്:



(وَلاَ يَأْبَ كَاتِبٌ أَنْ يَكْتُبَ كَمَا عَلَّمَهُ اللهُ) “ഒരെഴുത്തുകാരനും അല്ലാഹു അവന്ന് പഠിപ്പിച്ചുകൊടുത്ത പ്രകാരം എഴുതാൻ വിസമ്മതിക്കരുത്”

4- കടബാദ്ധ്യതയുള്ളവൻ എഴുതേണ്ടവാചകം പറഞ്ഞ് കൊടുക്കണം:

(فَلْيَكْتُبْ وَلْيُمْلِلِ الَّذِي عَلَيْهِ الْحَقُّ) “അവനത് എഴുതുകയും, കടബാദ്ധ്യതയുള്ളവൻ (എഴുതേണ്ടവാചകം) പറഞ്ഞുകൊടുക്കുകയും ചെയ്യട്ടെ”

5- അല്ലാഹുവിനെ സൂക്ഷിക്കുകയും, ബാദ്ധ്യതയിൽ കുറവ് വരുത്തുകയും ചെയ്യരുത്:

(وَلْيَتَّقِ اللهَ رَبَّهُ وَلاَ يَبْخَسْ مِنْهُ شَيْئًا) “തൻെറ രക്ഷിതാവായ അല്ലാഹുവെ അ വൻ സൂക്ഷിക്കുകയും, (ബാദ്ധ്യതയിൽ) അവൻ യാതൊന്നും കുറവ് വരുത്താതിരിക്കുകയും ചെയ്യേണ്ടതാണ്”

6- കടബാദ്ധ്യതയുള്ളവർ വിവേകമില്ലാത്തവരാണെങ്കിൽ അവരുടെ രക്ഷാകർത്താക്കളാണ് എഴുതേണ്ട വാചകം പറഞ്ഞ് കൊടുക്കേണ്ടത്:

(فَإِنْ كَانَ الَّذِي عَلَيْهِ الْحَقُّ سَفِيهًا أَوْ ضَعِيفًا أَوْ لاَ يَسْتَطِيعُ أَنْ يُمِلَّ هُوَ فَلْيُمْلِلْ وَلِيُّهُ بِالْعَدْلِ)

“കടബാദ്ധ്യതയുള്ള ആൾ വിവേകമില്ലാത്തവനോ, കാര്യശേഷി യില്ലാത്തവനോ, (വാചകം) പറഞ്ഞു കൊടുക്കുവാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അയാളുടെ രക്ഷാധികാരി അയാൾക്ക് വേണ്ടി നീതിപൂർവ്വം (വാചകം) പറഞ്ഞ് കൊടുക്കേണ്ടതാണ്”

7- സാക്ഷികൾ വേണം:

(وَاسْتَشْهِدُوا شَهِيدَيْنِ مِنْ رِجَالِكُمْ) “നിങ്ങളിൽ പെട്ട രണ്ട് പുരുഷന്മാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക”

8- ഒരു പുരുഷന് പകരം രണ്ട് സ്ത്രീകൾ:

(فَإِنْ لَمْ يَكُونَا رَجُلَيْنِ فَرَجُلٌ وَامْرَأَتَانِ مِمَّنْ تَرْضَوْنَ مِنَ الشُّهَدَاءِ) “ഇനി ഇരുവരും പുരുഷന്മാരായില്ലെങ്കിൽ നിങ്ങളിഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും, രണ്ട് സ്ത്രീകളും ആയാലും മതി”

ഒരു പുരുഷന് പകരം രണ്ട് സ്ത്രീകൾ എന്തിന്?

(أَنْ تَضِلَّ إِحْدَاهُمَا فَتُذَكِّرَ إِحْدَاهُمَا الأُخْرَى) “അവരിൽ ഒരുവൾക്ക് തെറ്റ് പറ്റി യാൽ മറ്റവൾ അവളെ ഓർമ്മിപ്പിക്കാൻ വേണ്ടി”

9- എപ്പോൾ വിളിച്ചാലും സാക്ഷികൾ സന്നിഹ്തരാവണം:

(وَلاَ يَأْبَ الشُّهَدَاءُ إِذَا مَا دُعُوا) “(തെളിവ് നൽകാൻ) വിളിക്കപ്പെട്ടാൽ സാക്ഷികൾ വിസമ്മതിക്കരുത്”

10- ചെറുതാവട്ടെ, വലുതാവട്ടെ ഒന്നിനെയും നിസ്സാരവൽക്കരിക്കരുത്:

(وَلاَ تَسْأَمُوا أَنْ تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَى أَجَلِهِ) “ഇടപാട് ചെറുതായാലും വലുതായാലും അതിൻെറ അവധി കാണിച്ച് അത് രേഖപ്പെടുത്തിവെക്കാൻ നിങ്ങൾ മടിക്കരുത്”

11- നീതിയുക്തവും,സംശയം വരാതിരിക്കുവാനുമുള്ള ഏക മാർഗം:

(ذَلِكُمْ أَقْسَطُ عِنْدَ اللهِ وَأَقْوَمُ لِلشَّهَادَةِ وَأَدْنَى أَلاَّ تَرْتَابُوا) (البقرة:٢٨٢) “അതാണ് അല്ലാഹു വിങ്കൽ ഏറ്റവും നീതിപൂർവ്വകമായതും, സാക്ഷ്യത്തിന് കൂടുതൽ ബ ലം നൽകുന്നതും, നിങ്ങൾക്ക് സംശയം ജനിക്കാതിരിക്കാൻ കൂടുത ൽ അനുയോജ്യമായിട്ടുള്ളതും” (അൽബഖറ:282)

12- സാക്ഷികൾ ലഭിക്കാതെ വന്നാൽ എന്ത് ചെയ്യണം?

(وَإِنْ كُنتُمْ عَلَى سَفَرٍ وَلَمْ تَجِدُوا كَاتِبًا فَرِهَانٌ مَقْبُوضَةٌ فَإِنْ أَمِنَ بَعْضُكُمْ بَعْضًا فَلْيُؤَدِّ الَّذِي اؤْتُمِنَ أَمَانَتَهُ وَلْيَتَّقِ اللهَ رَبَّهُ وَلاَ تَكْتُمُوا الشَّهَادَةَ وَمَنْ يَكْتُمْهَا فَإِنَّهُ آثِمٌ قَلْبُهُ وَاللهُ بِمَا تَعْمَلُونَ عَلِيمٌ) (البقرة: ٢٨٣)

“ഇനി നിങ്ങൾ യാത്രയിലാവുകയും ഒരെഴുത്തുകാരനെ കിട്ടാതിരിക്കുകയുമാണെങ്കിൽ പണയവസ്തുക്കൾ കൈവശം കൊടുത്താൽ മതി. ഇനി നിങ്ങളിലൊരാൾ മറ്റൊരാളെ (വല്ലതും) വിശ്വസിച്ചേൽപിച്ചാൽ ആ വിശ്വാസമർപ്പിക്കപ്പെട്ടവൻ തൻെറ വിശ്വസ്തത നിറവേറ്റുകയും, തൻെറ രക്ഷിതാവിനെ സൂക്ഷിക്കുകയും ചെയ്യട്ടെ. നിങ്ങൾ സാക്ഷ്യം മറച്ചുവെക്കരുത്. ആരത് മറച്ചുവെക്കുന്നുവോ അവൻെറ മനസ്സ് പാപപങ്കിലമാകുന്നു. അല്ലാഹു നിങ്ങൾ ചെയ്യുന്നതെല്ലാം അറിയുന്നവനാകുന്നു” (അൽബഖറ:283)



കടം കൊടുക്കുന്നതിൻെറയും, വാങ്ങുന്നതിൻെറയും നിബന്ധനകളും മറ്റും വിശദമായി പ്രതിപാദിച്ചതായി നമുക്ക് വിശുദ്ധ ഖുർആനിൽ കാണാവുന്നതാണ്. ഇതിൽ നിന്നും നാം പഠിക്കേണ്ടത് കടം എന്നത് നിസ്സാരമല്ല, മറിച്ച് വളരെ ഗൗരവുമുള്ള കാര്യമാകുന്നു. അതുകൊണ്ട് തന്നെ കടം വാങ്ങുന്നവനും, കൊടുക്കുന്നവനും മുകളിൽ ഖുർആൻ വിശദമാക്കിയ കാര്യങ്ങളെ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാകുന്നു. അതാണ് നിർഭയമായി ജീവിക്കുവാനും, പരലോകത്ത് രക്ഷപ്പെടുവാനുമുള്ള വഴി.

കടം വാങ്ങിയാൽ അത് തിരിച്ച് കൊടുക്കേണ്ടതാണ്. അതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. കാരണം കടം വീട്ടാത്ത ഒരു മയ്യത്തിന് പ്രവാചകൻ മയ്യത്ത് നമസ്കാരം നിർവ്വഹിക്കുകയില്ലായെന്ന് വരെ പറഞ്ഞത് സ്വഹീഹായ ഹദീസുകളിൽ നമുക്ക് കാണാവുന്നതാണ്. കടം തിരിച്ച് തരേണ്ട അവധി എത്തിക്കഴിഞ്ഞിട്ടും തിരിച്ച് തരുന്നില്ലായെങ്കിൽ കടം വാങ്ങിയവനോട് ചോദിക്കേണ്ടത് കടം കൊടുത്തവൻെറ ബാധ്യതയാണ്. അവിടെ ബന്ധങ്ങളും മറ്റും പരിഗണിക്കേണ്ടതില്ല. കടം വാങ്ങിയവൻ ഒരു പക്ഷേ മറക്കുകയോ, അശ്രദ്ധയിലാവുകയോ ചെയ്തേക്കാം. അതുകൊണ്ട് തന്നെ കടം കൊടുത്താൽ അത് തിരിച്ച് ചോദിച്ച് വാങ്ങണം.

കടം വാങ്ങിയവൻ പാവപ്പെട്ടവനോ ദരിദ്രനോ ആണെങ്കിൽ അവന് സാധിക്കുമെങ്കിൽ കടം കൊടുത്തവന് വിട്ട് വീഴ്ച ചെയ്യാവുന്നതാണ്. അതുപോലെ തിരിച്ച് തരേണ്ട അവധി നീട്ടികൊടുക്കുകയും ചെയ്യാവുന്നതാണ്. ഒരിക്കലും വീട്ടുവാൻ കഴിയാത്ത പ്രതിസന്ധിയിലാണ് അകപ്പെട്ടതെങ്കിൽ അവന് വിട്ട് വീഴ്ച നൽകാവുന്നതാണ്. അല്ലാഹു പറയുന്നു:

“നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിൻെറ മാർഗത്തിൽ സ്വദേശം വെടിഞ്ഞുവന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധി യുമത്രെ” (നൂർ:22) ഈ ആയത്തിൻെറ അവതരണ പശ്ചാതലം മറ്റൊന്നാണെങ്കിലും ശരി, കഴിവുള്ളവർ ഇല്ലാത്തവരോട് വിട്ട് വീഴ്ച ചെയ്യണമെന്നാണ് അല്ലാഹു ഈ ആയത്തിലൂടെ പറയുന്നത്.

## ആവശ്യത്തിന് മാത്രം കടം വാങ്ങുക:

ആവശ്യത്തിനും, അനാവശ്യത്തിനും കടം വാങ്ങുകയും, അത് അമിതമായി ചിലവഴിക്കുകയും ചെയ്യുന്നവർ നമ്മുടെ കൂട്ടത്തിലുണ്ട്. ഏതെങ്കിലും വീട്ടിൽ കാണുന്ന സാധനങ്ങളൊക്കെ തൻെറ വീട്ടിലും വേണമെന്ന് ആഗ്രഹിക്കുകയും അത് വാങ്ങാനായി മറ്റുള്ളവരിൽ നിന്ന് കടം വാങ്ങുകയും ചെയ്യുന്നവ രെയും നമുക്ക് കാണാം. അത് നല്ല സ്വഭാവമല്ല. വളരെ അത്യാവശ്യത്തിന് മാത്രമെ കടം വാങ്ങാൻ പാടുള്ളൂ, അതുപോലെ തിരിച്ച് നൽകാൻ കഴിയും എന്ന ഉത്തമ ബോധ്യം ഉണ്ടാകുമ്പോഴെ വാങ്ങാവൂ. അതല്ലാതെ അമിതവ്യയത്തിന് ഒരിക്കലും നാം കടം വാങ്ങുവാൻ പാടില്ല. കാരണം അമിതവ്യയം ചെയ്യുന്നവരെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

“നിങ്ങൾ ദൂർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല” (അൽഅൻആം:141)

ദുർവ്യയം ചെയ്യുന്നവർ പിശാചിൻെറ കൂട്ടാളികളാണ്: “നീ (ധനം) ദുർവ്യയം ചെയ്തുകളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തൻെറ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു” (ഇസ്രാഅ്:26-27)

**ഉള്ളത്കൊണ്ട് തൃപ്തിപ്പെടുക:**

മനുഷ്യരെ മുഴുവനും ഒരേ അവസ്ഥയിലല്ല അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകം അവസ്ഥകളാണ് സമ്പത്തിൻെറ കാര്യത്തിൽ അല്ലാഹു നൽകിയിട്ടുള്ളത്. അതുകൊണ്ട് തന്നെ തൻെറ അവസ്ഥയറിഞ്ഞാണ് ഓരോ മനുഷ്യരും ജീവിക്കേണ്ടത്. തന്നെക്കാൾ സുഖസൗകര്യത്തോടെ ജീവിക്കുന്നവരിലേക്ക് നോക്കി അങ്ങിനെ ജീവിക്കുവാൻ ആഗ്രഹിക്കുകയെന്നത് നമുക്ക് ലഭിച്ച അല്ലാഹുവിൻെറ അനുഗ്രഹങ്ങളെ നിസ്സാരവൽക്കരിക്കലായിരിക്കും. അതുകൊണ്ട് തന്നെ തൻെറ താഴെ കിടയിലുള്ളവരിലേക്കാണ് നാം നോക്കേണ്ടത്, എങ്കിൽ അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹം എത്രയോ വലുതായിരിക്കുമെന്ന് കണ്ടെത്താനാവുന്നതാണ്. പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നു: “നിങ്ങൾക്ക് താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക, നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്, അതാണ് അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ അവഗണിക്കാതിരിക്കുവാനും, കുറച്ച് കാണിക്കാതിരിക്കുവാനും നല്ലത്” (മുസ്ലിം)

**കടം വാങ്ങിയാൽ തിരിച്ച് കൊടുക്കുക:**

കടം വാങ്ങിയാൽ കഴിവിൻെറ പരമാവധി പെട്ടെന്ന് കൊടുത്ത് വീട്ടേണ്ടതാണ്. വീട്ടുന്നതിന് മുമ്പ് മരിച്ച് പോയാൽ അല്ലാഹു അത് പൊറുത്ത് തരികയില്ല. കാരണം അത് സൃഷ്ടികളുമായുള്ള ഇടപാടാണ്. സൃഷ്ടികളുമായുള്ള ഇടപാടുകൾ അവർ തന്നെ പരസ്പരം തീർക്കേണ്ടതാണ്. കടം വാങ്ങി തിരിച്ച് കൊടുക്കാതെ മരിച്ച് പോകുകയാണെങ്കിൽ അത് ആരെങ്കിലും കൊടുത്ത് വീട്ടുന്നത് വരെ അവന് അതിൻെറ പേരിൽ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുമെന്നാണ് ഹദീസുകളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്.

സഅദ്ബ്നുൽ അത്വലിൽ നിന്ന്; അദ്ദേഹത്തിൻെറ സഹോദരൻ മുന്നൂറ് ദിർഹമും, തൻെറ കുടുംബത്തെയും ഉപേക്ഷിച്ച് കൊണ്ട് മരിച്ച്പോയി, സഅദ് പറയുന്നു: ആ മുന്നൂറ് ദിർഹം അദ്ദേഹത്തിൻെറ കുടുംബത്തിന് വേണ്ടി ചിലവഴിക്കുവാൻ ഞാൻ ഉദ്ദേശിച്ചു. അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി: “നിൻെറ സഹോദരൻ അദ്ദേഹത്തിൻെറ കടം മുഖേന തടഞ്ഞ്വെക്കപ്പെട്ടിരിക്കുകയാകുന്നു. അതുകൊണ്ട് നീ ആ കടം വീട്ടുക. അങ്ങിനെ ഞാൻ കടം വീട്ടി, രണ്ട് ദീനാർ ഒഴിച്ച്, ഒരു സ്ത്രീ പറയുന്നു: എനിക്ക് രണ്ട് ദീനാർ തരാനുണ്ട്, പക്ഷേ അവൾക്കതിനുള്ള തെളിവില്ല. അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: നീ അവൾക്കത് കൊടുക്കുക, അവൾ അതിനർഹയാകുന്നു” (ഇബ്നുമാജ)

കടം വീട്ടാത്തവർക്ക് വേണ്ടി പ്രവാചകൻ(ﷺ) മയ്യത്ത് നമസ്കാരം നിർവ്വഹിക്കുവാൻ പോലും വിസമ്മതിച്ചതായി നമുക്ക് ഹദീസുകളിൽ കാണാവുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക: ജാബിർ(رضي الله عنه)വിൽ നിന്ന്: ഒരാൾ മരിച്ചു, അദ്ദേഹത്തെ ഞങ്ങൾ കുളിപ്പിക്കുകയും, കഫൻ ചെയ്യുകയും, സുഗന്ധം പൂശുകയും ചെയ്ത് കൊണ്ട് മയ്യത്ത് നമസ്കരിക്കുമ്പോൾ ജനാസ വെക്കുന്ന സ്ഥലമായ ജിബ്രീൽ(عليه السلام) നിൽക്കുന്ന സ്ഥലത്ത് നമസ്കരിക്കുവാനായി വെക്കുകയും ചെയ്തു. പിന്നീട് പ്രവാചകൻ(ﷺ)യെ അറിയിക്കുകയും ചെയ്തു. അങ്ങിനെ നമസ്കരിക്കുവാനായി ജനാസയുടെ നേരെ കുറച്ച് കാലടികൾ വെച്ച് കൊണ്ട് വന്നു. പിന്നെ തിരുമേനി(ﷺ) ചോദിച്ചു: നിങ്ങളുടെ കൂട്ടുകാരന് ഒരുപക്ഷേ കടം ഉണ്ടായേക്കാം' അപ്പോൾ അവർ പറഞ്ഞു: അതെ രണ്ട് ദീനാർ. അപ്പോൾ തിരുമേനി അവിടെ നിന്നും പിന്തിരിഞ്ഞു. അബൂഖതാദയെന്ന് പറയുന്ന ഒരാൾ ഞങ്ങളിൽ നിന്ന് എഴുന്നേറ്റ് കൊണ്ട് പറയുകയുണ്ടായി: പ്രവാചകരെ അത് ഞാൻ ഏറ്റെടുത്തുകൊള്ളാം. അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: ‘ആ രണ്ട് ദീനാർ നിൻെറ സമ്പത്തിൽ നിന്നും നീ വീട്ടണം, മയ്യിത്ത്



അതിൽ നിന്നും നിരപരാധിയായിരിക്കുന്നു. അപ്പോൾ ഖതാദ: അതെയെന്ന് മറുപടി പറയുകയും ചെയ്തു. അങ്ങിനെ പ്രവാചകൻ(ﷺ) അദ്ദേഹത്തിന് വേണ്ടി നമസ്കരിക്കുകയും ചെയ്തു. പിന്നെ തിരുമേനി അബൂഖതാദ:യെ കണ്ടപ്പോൾ ചോദിച്ചു: മയ്യത്ത് കടം വീട്ടാതെ പിന്തിപ്പിച്ച ആ രണ്ട് ദീനാർ നീ എന്താണ് ചെയ്തത്. (അദ്ദേഹം മറുപടി പറഞ്ഞു: തിരുദൂതരെ, അദ്ദേഹം ഇന്നലെയല്ലെ മരിച്ചത്) (അടുത്ത ദിവസം വീണ്ടും കാണുകയും, നീയെന്താണ് ആ രണ്ട് ദീനാർ ചെയ്തതെന്ന് ചോദിക്കുകയും ചെയ്തു) അദ്ദേഹം പറഞ്ഞു: അല്ലയോ പ്രവാചകരെ, ഞാനത് വീട്ടിയിട്ടുണ്ട്. അപ്പോൾ തിരുമേനി പറയുകയുണ്ടായി: ‘ഇപ്പോഴാണ് അദ്ദേഹത്തിൻെറ തൊലി തണുത്തത്” (ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്) അതായത് കടം വീട്ടിയപ്പോഴാണ് അദ്ദേഹം അനുഭവിച്ച് കൊണ്ടിരുന്ന ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടത് എന്നർത്ഥം.

**കടം വീട്ടാൻ സാധിച്ചില്ലായെങ്കിൽ...**

കടം വീട്ടാൻ സാധിക്കും, വീട്ടുകയും ചെയ്യുമെന്ന ഉദ്ദേശത്തിൽ കടം വാങ്ങി, എന്നാൽ ഒരുപാട് പരിശ്രമിച്ചിട്ടും കടം വീട്ടാൻ സാധിച്ചില്ല, അങ്ങിനെ ഒരാൾ മരിച്ച്പോയാൽ എന്താണ് ചെയ്യേണ്ടത്? അങ്ങിനെയുള്ളവർക്ക് ആശ്വാസമായി തിരുമേനി(ﷺ)യുടെ ഒരു ഹദീസ് നാം വായിക്കുക: ആയിശാ(رضي الله عنها)യിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: എൻെറ സമുദായത്തിൽ ആരെങ്കിലും കടം വാങ്ങുകയും, അത്വീട്ടുവാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്തു. അങ്ങിനെ കടംവീട്ടാൻ കഴിയാതെ മരിച്ച് പോകുകയാണെങ്കിൽ ഞാൻ (പ്രവാചകൻ) അവൻെറ രക്ഷാധികാരിയാകുന്നു” (അഹ്മദ്)

**കടത്തിൽ നിന്ന് രക്ഷനേടാൻ നാം പ്രാർത്ഥിക്കുക:**

അത്യാവശ്യത്തിന് കടം വാങ്ങുകയും, അത് വീട്ടുവാ നാവശ്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതോടൊപ്പം തന്നെ കടത്തിൽ നിന്ന് രക്ഷ നേടുവാനായി അല്ലാഹുവിനോട് നാം പ്രാർത്ഥിക്കുകയും ചെയ്യുക. പ്രവാചകൻ(ﷺ)യുടെ ഒരു പ്രാർത്ഥന നാം ശ്രദ്ധിക്കുക: പ്രവാചക പത്നി ആയിശാ(رضي الله عنها)യിൽ നിന്ന്: പ്രവാചക തിരുമേനി(ﷺ) തൻെറ നമസ്കാരത്തിൽ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: “അല്ലാഹുവെ, ഖബർ ശിക്ഷയിൽ നിന്നും, മസീഹുദ്ദ ജ്ജാലിൻെറ കുഴപ്പങ്ങളിൽ നിന്നും, ജീവിതത്തിലെയും, മരണത്തിലെയും കുഴപ്പങ്ങളിൽ നിന്നുംനിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു. അല്ലാഹുവെ, പാപങ്ങളിൽ നിന്നും കടത്തിൽ നിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു” (ബുഖാരി)

മറ്റൊരു പ്രാർത്ഥന കൂടി കാണുക: ആയിശാ(رضي الله عنها)വിൽ നിന്ന്: പ്രവാചകൻ(ﷺ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: “അല്ലാഹുവെ, നിന്നോട് ഞാൻ അലസതയിൽ നിന്നും, വാർദ്ദക്യത്തിൽ നിന്നും, പാപങ്ങളിൽ നിന്നും, കടത്തിൽ നിന്നും, ഖബറിലെ കുഴപ്പങ്ങളിൽ നിന്നും, ഖബർ ശിക്ഷയിൽ നിന്നും, നരകത്തിലെ കുഴപ്പങ്ങളിൽ നിന്നും, നരക ശിക്ഷയിൽ നിന്നും, സമ്പത്തിൻെറ കുഴപ്പങ്ങളിൽ നിന്നും രക്ഷ ചോദിക്കുന്നു. ദാരിദ്ര്യത്തിൻെറ കുഴുപ്പങ്ങൾ, മസീഹുദ്ദജ്ജാലിൻെറ കുഴപ്പങ്ങൾ എന്നിവയിൽ നിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു. അല്ലാഹുവെ എൻെറ പാപങ്ങളെ എന്നിൽ നിന്നും വെള്ളം, മഞ്ഞ്, ഹിമം എന്നിവ കൊണ്ട് കഴുകി കളയേണമേ, അഴുക്കിൽ നിന്ന് വെള്ള വസ്ത്രം ശുദ്ധിയാക്കുന്നത്പോലെ എൻെറ ഹൃദയത്തിൽ നിന്നും എൻെറ പാപങ്ങളെ നീ കഴുകി കളയേണമേ, കിഴക്കും പടിഞ്ഞാറും നീ വിദൂരപ്പെടുത്തിയത് പോലെ എന്നെയും, എൻെറ പാപങ്ങളെയും നീ വിദൂരപ്പെടുത്തേണമേ” (ബുഖാരി)

ആവശ്യത്തിന് മാത്രം കടം വാങ്ങുകയും, അത് സാക്ഷികൾ മുഖേന എഴുതിവെക്കുകയും, കൃത്യസമയത്ത് കൊടുത്തു വീട്ടുകയും ചെയ്യുക. അതോടൊപ്പം കടത്തിൽ നിന്ന് രക്ഷപ്പെടുവാനായി അല്ലാഹുവിനോട് നാം നമസ്കാരത്തിലും, മറ്റു സന്ദർഭങ്ങളിലും പ്രാർത്ഥിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات المسلم

# കടം

## വിധി വിലക്കുകൾ

തയ്യാറാക്കിയത്:

**സയ്യിദ് സഅ്ഫർ സ്വാദിഖ്**

**ജുബൈൽ ദഅ്‌വ സെൻറർ**

**ഫോൺ: 03-3625500- 1030**

# أحـــكام الديـــن

اعداد :

سيد سعفر صادق